Kerala Catholic Bishop's Council (KCBC)
*Secretariat, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi-682 025, Kerala, India*
*Tel: +91-484-2805722, 2805815, Fax: +91-484-280614*
*E-mail: deputysecretarykcbc@gmail.com, www.kcbcsite.com*

Alll Kerala Press Release 15.12.2017
*Ref: 604KCBC/K-6/KPR/DS*

## കരോള്‍ സംഘത്തിനുനേരേ അക്രമം അപമാനകരം: കെസിബിസി

കൊച്ചി: മധ്യപ്രദേശിലെ സത്നയില്‍ ക്രിസ്മസ് കരോള്‍ സംഘത്തെ സംഘടിതമായി ആക്രമിച്ച ബജ്റംഗ്ദള്‍ നടപടി രാജ്യത്തിന് അപമാനകരവും അങ്ങേയറ്റം അപലപനീയവുമാണ്. ക്രിസ്മസ് കാലത്ത് വിശ്വാസികള്‍ പരസ്പരവും മറ്റുള്ളവരുമായും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം പങ്കുവയക്കുന്നതിനായി നടത്തുന്ന കരോള്‍, ലോകത്തെല്ലായിടത്തും ആഹ്ലാദപൂര്‍വമാണ് സ്വീകരിക്കപ്പെടുന്നത്. കരോളിനിറങ്ങുന്നത് മതപരിവര്‍ത്തനം നടത്തുന്നതിനാണ് എന്ന ആരോപണം അപഹാസ്യമാണ്. ഗ്രാമത്തിനു പുറത്തുനിന്നു സംഘടിച്ചെത്തിയവരാണ് സത്ന സെന്റ് എഫ്രേം സെമിനാരിയിലെ വൈദിക വിദ്യാര്‍ത്ഥികളും വൈദികരുമടങ്ങിയ കരോള്‍ സംഘത്തെ തടഞ്ഞുവച്ചതും പോലീസിനെ വിളിച്ചുവരുത്തി സമീപത്തെ പോലീസ് സ്റ്റേഷനിലേക്ക് മാറ്റിയതും. "ദേശീയതയും മതവും" സംരക്ഷിക്കാനെന്ന പേരില്‍ അക്രമികള്‍ പോലീസ് സ്റ്റേഷനില്‍ ഭീകരാവസ്ഥ സൃഷ്ടിക്കുകയും വിവരമറിഞ്ഞെത്തിയ വൈദികരുടെ വാഹനത്തിനു തീവയ്ക്കുകയും ചെയ്തു. ഭീകരാന്തരീക്ഷം സൃഷ്ടിച്ചവര്‍ക്ക് സഹായം നല്കുന്ന സമീപനമാണ് നിയമപാലകരുടെ ഭാഗത്തുനിന്നും ഉണ്ടായത് എന്നത് ഏറെ ആശങ്കാജനകമാണ്.

ഗ്രാമത്തിനു പുറത്തുനിന്നെത്തിയവരാണ് അക്രമങ്ങള്‍ക്ക് നേതൃത്വം നല്കിയത് എന്നത് ക്രിസ്മസ് ദിനങ്ങളെ സംഘര്‍ഷപൂരിതമാക്കാനുള്ള ആസൂത്രിതശ്രമങ്ങള്‍ നടക്കുന്നു എന്നതിന്റെ സൂചനയാണെന്നു സംശയിക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ മതപരമായ ആഘോഷങ്ങളെ സംഘര്‍ഷഭരിതമാക്കാനും ഭയത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ച് സമൂഹത്തില്‍ അസ്വസ്ഥത വിതയ്ക്കാനും ശ്രമിക്കുന്ന ബിജെപി അനുകൂല സംഘടനകളെ നിയന്ത്രിക്കാന്‍ പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രാലയവും തയ്യാറാകണം. കുറ്റക്കാര്‍ക്കെതിരേ നടപടിയെടുക്കാന്‍ സംസ്ഥാന സര്‍ക്കാരിന് നിര്‍ദേശം നല്കണം. തടഞ്ഞുവയ്ക്കപ്പെട്ടവര്‍ക്കെതിരേ കള്ളക്കേസുണ്ടാക്കി അപമാനിക്കാനുള്ള ശ്രമങ്ങള്‍ അവസാനിപ്പിക്കണം. ഇത്തരം അക്രമങ്ങള്‍ ആവര്‍ത്തിക്കാതിരിക്കാന്‍ ഉത്തരവാദപ്പെട്ടവര്‍ ജാഗ്രത പാലിക്കണം.

**റവ. ഫാ. വര്‍ഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറല്‍, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടര്‍, പി.ഒ.സി.

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com